ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 06.12.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. വിമാനയാത്രക്കാർക്കുള്ള റീഫണ്ടുകൾ കാലതാമസമില്ലാതെ നൽകാൻ കേന്ദ്ര വ്യോമയാന മന്ത്രാലയം - ഇൻഡിഗോയ്ക്ക് നിർദ്ദേശം നൽകി. വിമാനക്കമ്പനികൾ ഈടാക്കുന്ന ഉയർന്ന യാത്രാനിരക്ക് തടയാൻ പരിധി നിശ്ചയിച്ച് കേന്ദ്രം.

   **Government directs IndiGo to clear all pending passenger refunds without delay. The Ministry of Civil Aviation has invoked its regulatory powers to ensure fair and reasonable fares across all affected routes.**

2. 2047 - ഓടെ വികസിത രാഷ്ട്രമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് യുവജനങ്ങൾ ഒരുമിച്ച് പ്രവർത്തിക്കണമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ.

   **Vice President C. P. Radhakrishnan today gave a clarion call to the youth to wake up and work together to achieve the vision of Viksit Bharat by 2047.**

3. രാജ്യത്തെ നികുതി സംവിധാനം ലളിതമാക്കാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നതെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ.

   **Finance Minister Nirmala Sitharaman has said that the Centre is working to simplify the tax system.**

4. ഭരണഘടനാ ശില്പി ഡോ. ബി.ആർ. അംബേദ്കറുടെ ചരമവാർഷികത്തിൽ മഹാപരിനിർവാൻ ദിവസ് ആചരിച്ച് രാജ്യം.

**Nation pays homage to Bharat Ratna Dr. BR Ambedkar on his 70th Mahaparinirvan Diwas.**

5. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി രാജ്യത്ത് ഇതുവരെ വിതരണം ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം 50 കോടി 93 ലക്ഷം കവിഞ്ഞു. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൻറെ ആദ്യഘട്ട വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

**The Election Commission today said, more than 50 crore 93 lakh enumeration forms have been distributed as part of Special Intensive Revision. The preparations for the first phase of the local body elections in Kerala have been completed.**

6. ഇന്ത്യ- ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യക്ക് 271 റൺ വിജയലക്ഷ്യം.

**In the final of the ODI cricket series against India, South Africa set a target of 271 runs.**

*******************

## PM-SUMMIT

രാജ്യത്തിൻറെ ഉയർന്ന വളർച്ചയും കുറഞ്ഞ പണപ്പെരുപ്പവും ലോകത്തിന് മാതൃകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ സ്വകാര്യ മാധ്യമം സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നടപ്പ് സാമ്പത്തിക വർഷത്തിൻറെ രണ്ടാം പാദത്തിലെ
8 ശതമാനം മൊത്ത ആഭ്യന്തര വളർച്ചാ നിരക്ക് രാജ്യത്തിന്റെ വർദ്ധിച്ചുവരുന്ന പുരോഗതിയുടെ പ്രതിഫലനമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

*******************

## Air Fare Regulation

ഇൻഡിഗോ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വിമാനക്കമ്പനികൾ ഈടാക്കുന്ന ഉയർന്ന യാത്രാനിരക്ക് തടയാൻ പരിധി നിശ്ചയിച്ച് വ്യോമയാന മന്ത്രാലയം. ഭീമമായ യാത്രാ നിരക്കുകൾക്കെതിരെ വ്യാപകമായ പ്രതിഷേധം ഉയർന്ന പശ്ചാത്തലത്തിലാണ് നടപടി. 500 കിലോമീറ്റർ വരെ ദൂരത്തിന് 7,500 രൂപ, 500 മുതൽ ആയിരം കിലോമീറ്റർ വരെ 12,000 രൂപ, ആയിരം മുതൽ 1,500 കിലോമീറ്റർ വരെ 15,000 രൂപ,1,500 കിലോമീറ്ററിന് മുകളിൽ 18,000 രൂപ എന്നിങ്ങനെയാണ് പരിധി. ബിസിനസ് ക്ലാസിനും, ഉഡാൻ ഫ്ളൈറ്റുകൾക്കും ഈ നിരക്ക് ബാധകമല്ല.

********************

## AVIATION – INDIGO (INTRO)

വിമാനയാത്രക്കാർക്കുള്ള റീഫണ്ടുകൾ കാലതാമസമില്ലാതെ നൽകാൻ കേന്ദ്ര വ്യോമയാന മന്ത്രാലയം ഇൻഡിഗോയ്ക്ക് നിർദ്ദേശം നൽകി. റീഫണ്ട് നടപടികൾ നാളെ രാത്രി 8 മണിയോടെ പൂർത്തിയാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

**വിശദാംശങ്ങളിലേക്ക്.....**

**(വോയ്സ്...)**

യാത്രക്കാരിൽ നിന്ന് റീഷെഡ്യൂളിംഗ് ചാർജുകൾ ഈടാക്കരുതെന്ന് വ്യോമയാന മന്ത്രാലയം നിർദ്ദേശം നൽകി. റീഫണ്ട് നടപടികളിൽ കാലതാമസമുണ്ടായാൽ നിയന്ത്രണ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി. തടസ്സമില്ലാത്ത പരാതി പരിഹാരം ഉറപ്പാക്കാൻ, റീഫണ്ട് ഫെസിലിറ്റേഷൻ സെല്ലുകൾ സ്ഥാപിക്കണം. യാത്രക്കാരുടെ ബാഗേജുകൾ അടുത്ത 48 മണിക്കൂറിനുള്ളിൽ താമസ സ്ഥലത്തോ തിരഞ്ഞെടുത്ത വിലാസത്തിലോ എത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ഇൻഡിഗോയ്ക്ക് നിർദ്ദേശം നൽകി. അതേസമയം, ഡൽഹി വിമാനത്താവളത്തിൻറെ പ്രവർത്തനങ്ങൾ സാധാരണ നിലയിലേക്ക് വരുന്നതായി വിമാനത്താവള അധികൃതർ അറിയിച്ചു. എന്നാൽ ഇൻഡിഗോയുടെ ചില വിമാനങ്ങൾക്ക്

നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അസൗകര്യം ഒഴിവാക്കാൻ വിമാനത്താവളത്തിലേക്ക് പുറപ്പെടുന്നതിന് മുമ്പ് എയർലൈനുമായി ബന്ധപ്പെടണമെന്ന് യാത്രക്കാർക്ക് നിർദേശം നൽകി.

ന്യൂസ് ഡെസ്ക് ആകാശവാണി

*******************

## GUJ-VP

2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് യുവജനങ്ങൾ ഒരുമിച്ച് പ്രവർത്തിക്കണമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ഗുജറാത്തിലെ ഏക്താ നഗറിൽ സർദാർ വല്ലഭായ് പട്ടേലിൻറെ 150-ാം ജന്മവാർഷികാഘോഷങ്ങളുടെ സമാപന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ യുവജനസംഖ്യ രാജ്യത്തിൻറെ ശക്തിയെ പ്രതിനിധീകരിക്കുന്നതായും ഉപരാഷ്ട്രപതി പറഞ്ഞു.

*******************

## MAHAPARINIRVAN DIWAS

ഭരണഘടനാ ശില്പിയും സാമൂഹിക പരിഷ്കർത്താവും, നിയമജ്ഞനുമായ ബാബാസാഹേബ് ഡോ. ബി.ആർ. അംബേദ്കറുടെ ചരമവാർഷിക ദിനത്തിൽ രാജ്യം ഇന്ന് 70-ാമത് മഹാപരിനിർവാൻ ദിവസ് ആചരിച്ചു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ പാർലമെൻറ് സമുച്ചയത്തിലെ അംബേദ്കർ പ്രതിമയിൽ പുഷ്പാർച്ചന നടത്തി. സംസ്ഥാനത്തും വിവിധ അനുസ്മരണ പരിപാടികൾ സംഘടിപ്പിച്ചു.

*******************

## SC-AI

നീതിന്യായ പ്രക്രിയയിൽ നിർമ്മിതബുദ്ധി ഉപയോഗിക്കുമ്പോൾ ജഡ്ജിമാർ അതീവ ജാഗ്രത പുലർത്തുന്നുണ്ടെന്ന് സുപ്രീം കോടതി. ജുഡീഷ്യൽ സംവിധാനത്തിൽ നിർമ്മിത ബുദ്ധി, മെഷീൻ ലേണിങ് എന്നിവയുടെ നിയന്ത്രണം സംബന്ധിച്ച ഹർജികൾ പരിഗണിക്കുകയായിരുന്നു കോടതി. ജുഡീഷ്യൽ

തീരുമാനങ്ങളിന്മേൽ നിർമ്മിതബുദ്ധിയുടെ ആധിപത്യം അനുവദിക്കില്ലെന്നും ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ബെഞ്ച് വ്യക്തമാക്കി.

********************

## PM-PARIKSHA PE CHARCHA

പരീക്ഷാ സമ്മർദം കുറയ്ക്കുന്നതിന് പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർത്ഥികളുമായി സംവദിക്കുന്ന പരീക്ഷ പേ ചർച്ച പരിപാടിയുടെ ഒമ്പതാം പതിപ്പിൽ പങ്കെടുക്കാനുള്ള ഓൺലൈൻ പ്രശ്നോത്തരി പുരോഗമിക്കുന്നു. 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും MyGov പോർട്ടലിലൂടെ ജനുവരി 11 വരെ മത്സരത്തിൽ പങ്കെടുക്കാം. പരീക്ഷ പേ ചർച്ചയുടെ കഴിഞ്ഞ പതിപ്പ് 3 കോടി 56 ലക്ഷം രജിസ്ട്രേഷനുകളോടെ ഗിന്നസ് വേൾഡ് റെക്കോർഡ് സ്ഥാപിച്ചിരുന്നു.

********************

## PIB FACT CHECK - INVESTMENT PLATFORM

ആഴ്ചതോറുമുള്ള വരുമാനം വാഗ്ദാനം ചെയ്യുന്ന നിക്ഷേപ പ്ലാറ്റ്ഫോമിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന കേന്ദ്രമന്ത്രി പീയൂഷ് ഗോയലിൻറെ വീഡിയോ വ്യാജമെന്ന് കേന്ദ്രസർക്കാർ. ഇത്തരമൊരു പദ്ധതി സർക്കാർ അംഗീകരിച്ചിട്ടില്ലെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ വിഭാഗം അറിയിച്ചു. ഇത്തരം നിക്ഷേപ തട്ടിപ്പുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്നും പിഐബി മുന്നറിയിപ്പ് നൽകി.

********************

## SARAS FOOD FESTIVAL- DAY

ന്യൂഡൽഹിയിൽ നടക്കുന്ന സരസ് അജീവിക ഭക്ഷ്യമേളയ്ക്ക് മികച്ച പ്രതികരണം. കേന്ദ്ര നഗരവികസന മന്ത്രാലയം, ദീൻദയാൽ യോജന - ദേശീയ നഗരപാർപ്പിട ദൗത്യം എന്നിവയുടെ സംയുക്ത സഹകരണത്തോടെയാണ് മേള സംഘടിപ്പിച്ചിരിക്കുന്നത്. വനിതാ ശാക്തീകരണത്തിന് മേളയിൽ ഊന്നൽ നൽകിയിട്ടുണ്ട്. 25 സംസ്ഥാനങ്ങളിൽ നിന്നുള്ള 500 ലേറെ വിഭവങ്ങളിലൂടെ ഇന്ത്യയുടെ

തനത് സംസ്കാരം സന്ദർശകർക്ക് പരിചയപ്പെടുത്തി. മേള ചൊവ്വാഴ്ച സമാപിക്കും.

*******************

## INDIA US JWG

എല്ലാ തരം ഭീകരതയെയും അപലപിച്ച് ഇന്ത്യയും യുഎസും. ഭീകരവാദത്തെ നേരിടുന്നതിനുള്ള ഇന്ത്യ-യുഎസ് സംയുക്ത പ്രവർത്തന സമിതിയുടെ 21-ാമത് യോഗവും ഏഴാമത് ഡെസിഗ്നേഷൻസ് ഡയലോഗും ന്യൂഡൽഹിയിൽ നടന്നു. വെല്ലുവിളികൾക്കെതിരെ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള വഴികൾ ഇരുപക്ഷവും ചർച്ച ചെയ്തു.

*******************

## ECI- SIR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം രണ്ടാംഘട്ടത്തിൻറെ ഭാഗമായി രാജ്യത്ത് ഇതുവരെ 50 കോടി 93 ലക്ഷത്തിലേറെ എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. ഇതോടെ ആകെ 99.93 ശതമാനം വോട്ടർമാർക്ക് ഫോം ലഭ്യമാക്കി. 49 കോടിയോളം ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായും കമ്മിഷൻ അറിയിച്ചു.

*******************

## SIR MEETING

കേരളത്തിൽ എസ് ഐ ആർ പരിഷ്കരണത്തിൻറെ ഭാഗമായുള്ള എന്യൂമറേഷൻ ഫോം ഈ മാസം 18 വരെ സ്വീകരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ.

തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എന്യുമറേഷൻ ഫോമുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ സംബന്ധിച്ച പരസ്യം അടുത്ത ദിവസം നൽകുമെന്നും ശ്രീ രത്തൻ യു. കേൽക്കർ അറിയിച്ചു.

*******************

## ELECTION KERALA

തദ്ദേശ തെരഞ്ഞെടുപ്പിൻറെ ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ഏഴു ജില്ലകളിൽ പരസ്യ പ്രചാരണം നാളെ വൈകിട്ട് അവസാനിക്കും. വോട്ടെടുപ്പിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായതായി ഇതു സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ വിളിച്ചുചേർത്ത ഓൺലൈൻ യോഗത്തിൽ ജില്ലാ കളക്ടർമാർ അറിയിച്ചു. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിലാണ് ആദ്യഘട്ട വോട്ടെടുപ്പ്. രണ്ടാം ഘട്ടം ഈ മാസം 11 നും വോട്ടെണ്ണൽ 13 നും നടക്കും.

********************

## Election-Central Employees

സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കേന്ദ്ര സർക്കാർ ഓഫീസുകളിലെ വോട്ടർമാരായ ജീവനക്കാർക്ക് സാധാരണ സേവന ആവശ്യകതകൾക്ക് വിധേയമായി വോട്ട് ചെയ്യാൻ അനുമതി ലഭിക്കും. ഓഫീസിൽ വൈകി വരികയോ, നേരത്തെ പോകാൻ അനുവദിക്കുകയോ അല്ലെങ്കിൽ വോട്ടെടുപ്പ് ദിവസം പ്രത്യേക സമയം അനുവദിച്ചുകൊണ്ടോ ന്യായമായ സൗകര്യം നൽകുമെന്ന് കേന്ദ്ര സർക്കാരിന്റെ പേഴ്സണൽ & ട്രെയിനിങ് വകുപ്പ്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചു.

********************

## SITHARAMAN- LEADERSHIP SUMMIT (INTRO)

രാജ്യത്തെ നികുതി സംവിധാനം ലളിതമാക്കാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നതെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ. ന്യൂഡൽഹിയിൽ സ്വകാര്യ മാധ്യമം സംഘടിപ്പിച്ച നേതൃത്വ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു ധനമന്ത്രി. ആദായനികുതി സ്ലാബുകൾ കൂടുതൽ ലളിതവും സുതാര്യവും ആക്കേണ്ടതിൻറെ ആവശ്യകതയും ധനമന്ത്രി എടുത്തുപറഞ്ഞു.

(ഹോൾഡ് വോയ്സ്.........)

*******************

## CRICKET ODI

വിശാഖപട്ടണത്ത് നടക്കുന്ന ഇന്ത്യ- ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യക്ക് 271 റൺ വിജയലക്ഷ്യം. ടോസ് നേടിയ ഇന്ത്യ ദക്ഷിണാഫ്രിക്കയെ ബാറ്റിംഗിന് അയക്കുകയായിരുന്നു. 270 റൺസ് നേടിയ ദക്ഷിണാഫ്രിക്ക 13 ബോൾ ബാക്കിനിൽക്കെ എല്ലാവരും പുറത്തായി. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 24 ഓവറിൽ വിക്കറ്റൊന്നും നഷ്ടപെടാതെ 140 റൺ എടുത്തിട്ടുണ്ട്.

*******************

## HOCKEY MENS JUNIOR WORLD CUP

FIH പുരുഷ ഹോക്കി ജൂനിയർ ലോകകപ്പ് സെമിഫൈനലിൽ ഇന്ത്യ നാളെ ജർമ്മനിയെ നേരിടും. ക്വാർട്ടർ ഫൈനലിൽ ബെൽജിയത്തെ പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ സെമി പ്രവേശം.

*******************

## QUAD CWG TERORRISM

എല്ലാ രൂപങ്ങളിലുമുള്ള ഭീകരതയെയും ശക്തമായി അപലപിച്ച് ക്വാഡ് രാഷ്ട്രങ്ങൾ. ന്യൂഡൽഹിയിൽ നടന്ന ക്വാഡ് ഭീകരവാദ വിരുദ്ധ പ്രവർത്തനസമിതിയുടെ മൂന്നാം യോഗം ചുവപ്പ് കോട്ട ഭീകരാക്രമണത്തിൽ അനുശോചനം രേഖപ്പെടുത്തി. ഇൻഡോ-പസഫിക് മേഖലയിലെ ഉൾപ്പെടെയുള്ള ഭീകരവാദ ഭീഷണിയെക്കുറിച്ചുള്ള വിലയിരുത്തലുകൾ ക്വാഡ് അംഗരാജ്യങ്ങളായ ഇന്ത്യ, ജപ്പാൻ, ഓസ്ട്രേലിയ, യു എസ് എന്നീ രാജ്യങ്ങൾ കൈമാറി.

*******************

## DAY-IMD WEATHER

ഡൽഹി, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഢ്, ഉത്തർപ്രദേശ്, കിഴക്കൻ രാജസ്ഥാൻ, ഝാർഖണ്ഡ്, ഒഡീഷ എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട ഇടങ്ങളിൽ ശൈത്യ തരംഗത്തിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്.

രാജ്യത്തിൻറെ വടക്കുകിഴക്കൻ ഭാഗങ്ങളിലും ഹിമാചൽ പ്രദേശങ്ങളിലും ഒഡീഷയിലും പുലർച്ചെ മൂടൽ മഞ്ഞിന് സാധ്യതയെന്നും മുന്നറിയിപ്പ്.

*******************

## US Supreme Court

യു എസിലെ നിയമവിരുദ്ധ കുടിയേറ്റക്കാരുടെ കുട്ടികളുടെ ജന്മാവകാശ പൗരത്വത്തിൻറെ ഭരണഘടനാ സാധുത യുഎസ് സുപ്രീം കോടതി പരിഗണിക്കും. പ്രസിഡൻറ് ഡോണൾഡ് ട്രംപ് അധികാരമേറ്റ ആദ്യ ദിവസം തന്നെ ഇത്തരത്തിൽ പൗരത്വം നൽകുന്നത് നിർത്തലാക്കിയിരുന്നുവെങ്കിലും കീഴ്ക്കോടതികൾ ഈ നീക്കത്തെ തടഞ്ഞിരുന്നു.

*******************

*******************

*********